"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - നിപ അടിയന്തര സാഹചര്യം നേരിടുന്നതിനായി നിപ ലക്ഷണമുള്ള രോഗികളെ പ്രവേശിപ്പിച്ചതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ KHRWS പേവാർഡിന്റെ നഷ്ടപരിഹാരത്തിനുള്ള ക്ലെയിം തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.123/2026/RD** **തീയതി,തിരുവനന്തപുരം, 11-03-2026**

---

പരാമർശം:- 1. കോഴിക്കോട് ജില്ലാ കളക്ടറുടെ 24.03.2025-ലെ DCKKD/8762/2024-F4 നമ്പർ കത്ത്.

2. 20.11.2025-ലെ കെ.എസ്.ഡി.എം.എ-യുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്.

**ഉത്തരവ്**

നിപ ബാധിതനായി മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന അശ്മിൽ ഡാനിഷ് എന്ന 15 വയസ്സുകാരൻ 21.07.2024-ൽ മരണപ്പെട്ടതിനെത്തുടർന്ന്, നിപ അടിയന്തിര സാഹചര്യം നേരിടുന്നതിനായി നിപ ലക്ഷണമുള്ള രോഗികളെ പ്രവേശിപ്പിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ KHRWS പേവാർഡിലെ ഒരു ഭാഗം ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ജില്ലാ കളക്ടർ ഏറ്റെടുക്കുകയും, ഈ കാലയളവിലെ പേവാർഡുകൾക്കുള്ള നഷ്ടപരിഹാരത്തിനായി നൽകിയ റിപ്പോർട്ട് പ്രകാരം ക്ലെയിം തുകയായ 46,11,900/- രൂപ (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിക്കണമെന്ന് കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം ( 1 ) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) 'നിപ'യെ ദുരന്തമായി വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ SDRF-ൽ നിന്നും ഈ ആവശ്യത്തിനായി തുക ഉപയോഗിക്കാൻ കഴിയുകയില്ലെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രസ്തുത പ്രൊപ്പോസൽ CMDRF-ൽ നിന്നും പരിഗണിക്കാവുന്നതാണെന്ന് ചീഫ് സെക്രട്ടറി ചെയർമാനായ, കെ.എസ്.ഡി.എം.എ-യുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 20.11.2025-ന് നടന്ന മീറ്റിംഗിൽ നിർദ്ദേശം മുന്നോട്ട് വയ്ക്കുകയുണ്ടായി.

3) മേൽ സാഹചര്യത്തിൽ, സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച്, നിപ അടിയന്തര സാഹചര്യം നേരിടുന്നതിനായി നിപ ലക്ഷണമുള്ള രോഗികളെ പ്രവേശിപ്പിച്ചതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ KHRWS പേവാർഡിന്റെ നഷ്ടപരിഹാരത്തിനുള്ള ക്ലെയിം തുകയായ 46,11,900/- (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

ഈ ഇനത്തിൽ വിതരണത്തിന് ആവശ്യമായ വരുന്ന 46,11,900/- (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ

ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് TP 80 - ൽ നിന്നും ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം ചെയ്ത ശേഷം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
പൊതുഭരണ (എസ്.സി.) വകുപ്പ്. (10.03.2026-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.3840)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
വിവര പൊതുജന (വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (REV-DRF-A2/11/2026-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 11-03-2026 22:03:31
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.എ2/11/2026/റവ. ഇനം നം: 3840

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി (CMDRF) - നിപ്പ പ്രതിരോധത്തിനായി ഏറ്റെടുത്ത KHRWS പേവാർഡുകൾക്കുള്ള നഷ്ടപരിഹാരത്തുക നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3840

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.-എ 2/ 11/2026 -റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) - നിപ്പ പ്രതിരോധത്തിനായി ഏറ്റെടുത്ത KHRWS പേവാർഡുകൾക്കുള്ള നഷ്ടപരിഹാരത്തുക നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 4.3.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 5.3.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 6.3.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 6.3.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നിപ അടിയന്തര സാഹചര്യം നേരിടുന്നതിനായി നിപ ലക്ഷണമുള്ള രോഗികളെ പ്രവേശിപ്പിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ KHRWS പേവാർഡിന്റെ ഒരു ഭാഗം 22.07.2024 മുതൽ 17.12.2024 വരെയുള്ള കാലയളവിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ഏറ്റെടുത്ത വകയിൽ ആ കാലയളവിന് നഷ്ടപരിഹാരത്തിനുള്ള ക്ലെയിം തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2) ചീഫ് സെക്രട്ടറി ചെയർമാനായ, കെ.എസ്.ഡി.എം.എ-യുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 20.11.2025-ന് നടന്ന മീറ്റിംഗിൽ നിപയെ ദുരന്തമായി വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ SDRF-ൽ നിന്നും ഈ ആവശ്യത്തിനായി തുക ഉപയോഗിക്കാൻ കഴിയുകയില്ലെന്ന് ചൂണ്ടിക്കാട്ടുകയും, പ്രസ്തുത പ്രൊപ്പോസൽ CMDRF-ൽ നിന്നും പരിഗണിക്കാവുന്നതാണെന്നും കമ്മിറ്റി നിർദ്ദേശം മുന്നോട്ട് വയ്ക്കുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് തുടർനടപടികൾക്കായി ദുരന്തനിവാരണ (എ) വകുപ്പ് റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പിന് ഫയൽ കൈമാറുകയുണ്ടായി.

3) നിപ ബാധിതനായി മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന അശ്മിൽ ഡാനിഷ് എന്ന 15 വയസ്സുകാരൻ 21.07.2024-ൽ മരണപ്പെട്ടതിനെത്തുടർന്ന്, നിപ അടിയന്തര സാഹചര്യം നേരിടുന്നതിനായി നിപ ലക്ഷണമുള്ള രോഗികളെ പ്രവേശിപ്പിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ KHRWS പേവാർഡിലെ ഒരു ഭാഗം ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ജില്ലാ കളക്ടർ ഏറ്റെടുക്കുകയും, ഈ കാലയളവിലെ പേവാർഡുകൾക്കുള്ള നഷ്ടപരിഹാരത്തിനായി നൽകിയ റിപ്പോർട്ട് പ്രകാരം ക്ലെയിം തുകയായ 46,11,900/- (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

4) നിപ അടിയന്തര സാഹചര്യം നേരിടുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിൽ KHRWS പേ വാർഡിലെ ഒരു ഭാഗം ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരത്തിനുള്ള ക്ലെയിം തുകയായ 46,11,900/- രൂപ (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം)

പ്രകാരം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരത്തിനുള്ള ക്ലെയിം തുകയായ 46,11,900/- രൂപ (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

നിപ അടിയന്തര സാഹചര്യം നേരിടുന്നതിനായി നിപ ലക്ഷണമുള്ള രോഗികളെ പ്രവേശിപ്പിച്ചതിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ KHRWS പേവാർഡിന്റെ ഒരു ഭാഗം 22.07.2024 മുതൽ 17.12.2024 വരെയുള്ള കാലയളവിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം ഏറ്റെടുത്ത വകയിൽ നഷ്ടപരിഹാരത്തിനുള്ള ക്ലെയിം തുകയായ 46,11,900/- രൂപ (നാൽപ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കാമോ?